പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.50

10.06.2014 ൽ
മറുപടിയ്ക്ക്

# യൂത്ത് റിസോഴ്സ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 24.04.13 ൽ ചേർന്ന മൂന്നാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനം നമ്പർ (2) പ്രകാരം എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് ബോർഡ് അംഗീകാരം നൽകുകയുണ്ടായി. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാനും യുവാക്കൾക്ക് അതിന്റെ പ്രയോജനം കൂടുതൽ ലഭിക്കാനും ലക്ഷ്യമിട്ടുകൊണ്ട് എല്ലാ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ യൂത്ത് റിസോഴ്സ് കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ബോർഡിന്റെ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കാനും യുവജന ക്ലബ്ബുകളുടെ ഏകോപനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകാനും ഇതുമൂലം സാധിക്കുന്നതാണ്. യുവജനങ്ങൾക്ക് പ്രത്യേകിച്ചും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് പഠനസഹായ കേന്ദ്രം ഒരുക്കുക, വിദ്യാഭ്യാസ തൊഴിൽ മാർഗ്ഗ നിർദ്ദേശം നൽകുക, കലാകായികശേഷി വളർത്തുന്ന പരിപാടികൾ ആവിഷ്കരിക്കുക എന്നതാണ് യൂത്ത് റിസോഴ്സ് സെന്റർ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

| | | |
|---|---|---|
| സി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (സി) ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | ഡി) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയതിനെ തുടർന്ന് ഇതിന്റെ രൂപരേഖ തയ്യാറാക്കുവാൻ കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാനെയും മെമ്പർ സെക്രട്ടറിയേയും യോഗം ചുമതലപ്പെടുത്തുകയുണ്ടായി. അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തി റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പരീക്ഷണഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിൽ യൂത്ത് റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ 03.12.13 ൽ നടന്ന 5-ാമത് ബോർഡ് യോഗ തീരുമാന പ്രകാരം അനുവദിക്കുകയുണ്ടായി. ജൂൺ മാസത്തിൽ പ്രസ്തുത യൂത്ത് റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ